# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## കുടിയേറ്റക്കാർക്ക് എതിരേ മുഖം തിരിക്കരുത്; മാർപാപ്പ



വാഷിംഗ്ടൺ .യുഎസ് കോൺഗ്രസിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്ത ആദ്യ മാർപാപ്പയെന്ന റെക്കോർഡ് ഫ്രാൻസിസ് മാർപാപ്പയ്ക്ക്. അനധികൃത കുടിയേറ്റക്കാർക്ക് എതിരേ മുഖം തിരിക്കരുതെന്നും മത, വംശീയ, ന്യൂനപക്ഷങ്ങളോട് വിവേചനം അരുതെന്നും യു.എസ്. കോൺഗ്രസിൽ നടത്തിയ 45 മിനിറ്റ് ദീർഘിച്ച പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

ദാരിദ്ര്യത്തിനെതിരേ സന്ധിയില്ലാത്ത സമരം നടത്താനും സമ്പത്ത് നീതിപൂർവ്വകമായി വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാനും കോൺഗ്രസ് അംഗങ്ങളെ പാപ്പാ ഉദ്ബോധിപ്പിച്ചു. കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും തീവ്രവാദത്തെ ചെറുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കണമെന്നും തീവ്രവാദത്തിനെതിരേ പ്രത്യാശയോടെ പടപൊരുതണമെന്നും അദ്ദേഹം പറഞ്ഞു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇതുവരെ കാണാത്ത അഭയാർത്ഥി പ്രവാഹത്തിനാണ് ഇപ്പോൾ ലോകം സാക്ഷ്യം വഹിക്കുന്നത്. മെച്ചപ്പെട്ട ജീവിതസാഹചര്യം തേടിയെത്തുന്ന അഭയാർത്ഥികളെ ശത്രുക്കളായി കാണാതെ സഹാനുഭൂതിയോടെ അവരോട് പെരുമാറാൻ ലോകരാജ്യങ്ങൾക്കു കഴിയണമെന്ന നിറഞ്ഞ കൈയ്യടികൾക്കിടെ ഫ്രാൻസിസ് പാപ്പാ പറഞ്ഞു. യു.എസിലേക്കു തന്നെ ക്ഷണിച്ചതിനുള്ള കാരണങ്ങളിലൊന്നു താനും ഈ മഹത്തായ ഭൂഖണ്ഡത്തിൽ ജനിച്ചതുകൊണ്ടാകാമെന്ന് അദ്ദേഹം തമാശയായി പറഞ്ഞു.

കോൺഗ്രസ് അംഗങ്ങൾക്കു പുറമേ, സുപ്രീംകോടതി ജഡ്ജിമാർ, നയതന്ത്ര പ്രതിനിധികൾ, വിശിഷ്ടാതിഥികൾ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെട്ട സദസ്സ് മാർപാപ്പയുടെ പ്രസംഗം ഏറെ ശ്രദ്ധയോടെയാണു കേട്ടത്. സ്പീക്കർ ജോൺ ബോനർ അദ്ദേഹത്തെ സ്വീകരിച്ചു.

ആഡംബരരഹിതമായ ഫിയറ്റ് കാറിലെത്തിയ ഫ്രാൻസിസ് പാപ്പായെ കാണാൻ ആയിരങ്ങളാണ് റോഡിനിരുവശവും തടിച്ചുകൂടിയത്. യു.എസ.◌് കോൺഗ്രസിലെ പ്രസംഗത്തിനുശേഷം ക്യാപിറ്റോൾ മന്ദിരത്തിന്റെ ബാൽക്കണിയിൽ എത്തിയ മാർപാപ്പ അവിടെയുണ്ടായിരുന്ന ജനങ്ങളോട് പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചു.